7. മൃഗരോഗങ്ങൾക്ക് സമയബന്ധിതമായി ചികിത്സ നൽകുന്നതിന് മൃഗാശുപത്രികളെ കൂടുതൽ സജ്ജമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) വളർത്തു മൃഗങ്ങളെ രോഗവിമുക്തമാക്കുന്നതിന്റെ ഭാഗമായി മൃഗാശുപത്രികളിൽ ആധുനിക ചികിത്സയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉപകരണങ്ങളും സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ഔഷധങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും സംസ്ഥാനമൊട്ടാകെ ലഭ്യമാക്കിവരുന്നുണ്ട്. കുളമ്പു രോഗം, പേവിഷബാധ, കുരലടപ്പൻ തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നു. അകിടുവീക്കം, വന്ധ്യത തുടങ്ങിയ ഉൽപ്പാദന നഷ്ടം കുറയ്ക്കുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ആശുപത്രികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനും ലബോറട്ടറി സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നു. ചികിത്സാ സൗകര്യവും, ബീജദാനവും ലഭ്യമാക്കാനായി എല്ലാ പഞ്ചായത്തുകളിലും മൃഗാശുപത്രികളും (ഏറ്റവും ഒടുവിൽ നിലവിൽവന്ന 7 എണ്ണത്തിലും മൃഗാശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള സർക്കാർ തീരുമാനം എടുത്തു കഴിഞ്ഞു) 500 പശുക്കൾക്ക് ഒന്ന് എന്ന ക്രമത്തിൽ ബീജദാന കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

(സി) അന്യരാജ്യങ്ങളിൽ നിന്ന് പക്ഷിമൃഗാദികളെ കൊണ്ടുവരുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് പരിഗണിച്ച് അന്താരാഷ്ട്ര മൃഗസംരക്ഷണ മേള നടത്താൻ ഉദ്ദേശമില്ല. എന്നാൽ 2009 സെപ്തംബറിൽ ഒരു ദേശീയ മൃഗസംരക്ഷണ മേള സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകിച്ചിട്ടുണ്ട്.

## മൃഗസംരക്ഷണത്തിനുള്ള നടപടികൾ

113 [4741] ശ്രീ. പി. സി ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കേരളത്തിൽ എത്ര മൃഗാശുപത്രികളും ഡിസ്പെൻസറികളും വെറ്ററിനറി എയിഡ് സെന്ററുകളും മൊബൈൽ ഡിസ്പെൻസറികളും മൊബൈൽ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവയുടെ പ്രവർത്തനങ്ങൾക്കായി പ്രതിവർഷം എന്ത് തുക ചെലവഴിക്കുന്നുണ്ട്;

(ഡി) വാക്സിൻ ഉൽപ്പാദിപ്പിക്കുന്നതിനായി എന്തെങ്കിലും സംവിധാനം കേരളത്തിൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കേന്ദ്ര ഗവൺമെന്റിന്റെ സഹായം മൃഗസംരക്ഷണ രംഗത്ത് ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൃഗങ്ങളുടെ ആരോഗ്യ പരിരക്ഷയ്ക്കായി സംസ്ഥാനത്തെ മൃഗചികിത്സാ കേന്ദ്രങ്ങളിലൂടെ ഔഷധങ്ങളും ധാതുലവണ മിശ്രിതങ്ങളും ലഭ്യമാക്കിയും, രോഗനിർണ്ണയ സംവിധാനം ശക്തിപ്പെടുത്തുന്നതിനായുള്ള ആധുനിക ഉപകരണങ്ങൾ ജില്ലാ മൃഗസംരക്ഷണ കേന്ദ്രങ്ങളിലും മേഖലാ രോഗ നിർണ്ണയ ലബോറട്ടറികളിലും സജ്ജമാക്കിയും, വീഡിയോ എൻഡോസ്കോപ്പ്, അൾട്രാ സൗണ്ട് സ്കാനർ എന്നീ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയുള്ള ചികിത്സാ രീതികളും, അയൽ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മൃങ്ങളുടെ ആരോഗ്യപരിശോധന കർശനമാക്കിയും, ഗോരക്ഷാ പദ്ധതി, ഗോസുരക്ഷാ പദ്ധതി തുടങ്ങിയ പദ്ധതികൾ മുഖേനയും മൃങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും മരണനിരക്ക് കുറയ്ക്കുന്നതിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ 274 മൃഗാശുപത്രികളും, 859 ഡിസ്പൻസറികളും, 1358 ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളും, 9 മൊബൈൽ ആശുപത്രികളും, ഒരു മൊബൈൽ ലാബും പ്രവർത്തിക്കുന്നു.

(സി) പ്രതിവർഷം 106,56,44,000 രൂപ (നൂറ്റിയാറ് കോടി അൻപത്തിയാറ് ലക്ഷത്തി നാല്പത്തിനാലായിരം രൂപ) ചെലവഴിക്കുന്നുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവർത്തിക്കുന്ന ഐ.എ.എച്ച്.& വി.ബി. എന്ന സ്ഥാപനത്തിൽ നിന്നും വാക്സിൻ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു. മൃഗങ്ങളെ ബാധിക്കുന്ന അടപ്പൻ എന്ന രോഗത്തിന് എതിരെയുള്ള വാക്സിൻ, കുരലടപ്പൻ, കരിങ്കാൽ, കോഴിവസന്ത, കോഴിവസൂരി, താറാവ് വസന്ത, താറാവ് പാസ്ചുറെല്ല എന്നീ രോഗങ്ങൾക്കുള്ള പ്രതിരോധ വാക്സിൻ എന്നിവയ്ക്ക് പുറമെ അകിടുവീക്ക നിർണ്ണയകിറ്റ്, അകിടുവീക്കാ നിർണ്ണയത്തിനുള്ള സംയുക്തം എന്നിവയും ഉൽപ്പാദിപ്പിക്കുന്നു.

(ഇ) ഉണ്ട്. കുളമ്പുരോഗനിയന്ത്രണ പദ്ധതിക്കായി 25 ലക്ഷം രൂപയും, ഓപ്പറേഷൻ റിൻഡർ പെസ്റ്റിനുവേണ്ടി 31.05 ലക്ഷം രൂപയും, കന്നുകാലി സെൻസസ്സിനുവേണ്ടി 452 ലക്ഷം രൂപയും, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണത്തിനുവേണ്ടി 36.45 ലക്ഷം രൂപയും, മൃഗ സംരക്ഷണസ്ഥിതി വിവരക്കണക്കിനു വേണ്ടി 50 ലക്ഷം രൂപയും, സംസ്ഥാന വെറ്ററനറി കൗൺസിലിനുവേണ്ടി 10 ലക്ഷം രൂപയും, താറാവ്/കോഴിവളർത്തൽ കേന്ദ്ര ങ്ങൾക്കുവേണ്ടി 156.87 ലക്ഷം രൂപയും കേന്ദ്രത്തിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്.

## കർഷകർക്ക് പശു, ആട്, കോഴി വിതരണ പദ്ധതി

114 [4742] ശ്രീ. ടി. എൻ. പ്രതാപൻ:
„ ജോർജ് മേഴ്സിയർ:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് ഒരു പശു, രണ്ട് ആട്, പത്ത് കോഴി എന്നീ ക്രമത്തിൽ കൊടുക്കാൻ ഉദ്ദേശമുണ്ടോ; എന്തെല്ലാം വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ഇവ നൽകുന്നത്;

(ബി) ഈ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും എത്ര തുക വീതമാണ് ചെലവഴിക്കുന്നത്;

(സി) ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ്;

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ അവർക്ക് ലഭിക്കുന്ന പശു, ആട്, കോഴി എന്നിവയെ വളർത്തി ആദായമുണ്ടാക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുന്നത് എപ്രകാരമാണ്?

## ഉത്തരം

(എ) സമ്മിശ്ര മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംയോജിത കന്നുകാലി വികസന പദ്ധതി പ്രകാരം കർഷകർക്ക് ഒരു പശു,



LIBRARY ARCHIVES Kerala Legislative Assembly